നം. - 647/റ്റി.സി/04

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള, തിരുവനന്തപുരം
തീയതി : 18.4.2005

## ചുറ്ററിയിപ്പ് നം. 7/05

വിഷയം : മോട്ടോർ വാഹന വകുപ്പ് - ഈ വകുപ്പിന്റെ കീഴിലുള്ള സർക്കാർ വാഹനങ്ങളുടെ ലോഗ് ബുക്ക്, അറ്റകുറ്റ പണികൾക്കായുള്ള രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കേണ്ടത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.

സൂചന : 1) 3.1.04 ലെ ഈ ആഫീസിലെ 1/2004 നമ്പരായ ചുറ്ററിയിപ്പ്

2) 14-2-2005 ലെ ഈ ആഫീസിലെ 5/2005 നമ്പരായ ചുറ്ററിയിപ്പ്

വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെയും അറ്റകുറ്റ പണികൾക്കായുള്ള രജിസ്റ്ററുകളുടെയും പരിപാലനത്തെ സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുവാൻ നിർദ്ദേശിച്ചു കൊള്ളുന്നു.

1. എല്ലാ വർഷാരംഭത്തിലും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വാഹനത്തിന്റെ മൈലേജ് പരിശോധിക്കുകയും ആയത് നിർദ്ദിഷ്ട ഫോറത്തിൽ സാക്ഷ്യപ്പെടുത്തി ലോഗ് ബുക്കിന്റെ ആദ്യ പേജിൽ പതിപ്പിച്ചിരിക്കേണ്ടതാണ്.
2. ലോഗ് ബുക്കിൽ ഇന്ധന കണക്ക് രേഖപ്പെടുത്തിയിരിക്കുന്ന പേജിലെ 5-ാം കോളത്തിൽ ഉത്തരവാദപ്പെട്ട മേധാവി പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്തി ഒപ്പിട്ടിരിക്കേണ്ടതാണ്.
3. നിറയ്ക്കപ്പെടുന്ന ഇന്ധനത്തിന്റെ ഉപയോഗത്തെക്കുറിച്ച് അർഹതപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സംഗ്രഹം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
4. വാഹനങ്ങൾക്ക് അറ്റകുറ്റ പണികൾ നടത്തപ്പെടുമ്പോൾ ഉപയോഗ ശൂന്യമായ വാഹന ഭാഗങ്ങൾ രേഖപ്പെടുത്തി വയ്ക്കാനുള്ള ഒരു രജിസ്റ്ററും ആഫീസിൽ സ്ഥിതി ചെയ്യുന്ന ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് രേഖപ്പെടുത്തിയ ഒരു രജിസ്റ്ററും സൂക്ഷിച്ചിരിക്കേണ്ടതാണ്.
5. കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും ഇന്ധനം സ്വീകരിക്കപ്പെടുമ്പോൾ എ.എം.വി.ഐ യുടെ സ്ഥാനത്തിൽ കുറയാതെയുള്ള ഉദ്യോഗസ്ഥൻ ആയത് സ്വീകരിച്ച വിവരം ലോഗ് ബുക്കിൽ നിർദ്ദിഷ്ട കോളത്തിൽ വിശദ വിവരം വ്യക്തമായി രേഖപ്പെടുത്തി ഒപ്പിട്ടിരിക്കേണ്ടതാണ്.
6. മേപ്പടി ഉദ്യോഗസ്ഥൻ ഇൻഡന്റിലെ നാലു പകർപ്പുകളുടെയും പുറകിൽ പേരും ഉദ്യോഗ പദവിയും രേഖപ്പെടുത്തി ഒപ്പിട്ടിരിക്കേണ്ടതാണ്.
7. വാഹനങ്ങൾക്ക് അറ്റകുറ്റപണികൾ നടത്തപ്പെടുമ്പോൾ ആയതിന്റെ വിവരങ്ങൾ ചെലവായ തുകയും പണികൾ നൽകിയ തീയതിയും എന്തെല്ലാം പണികളാണ് ചെയ്യപ്പെട്ടതെന്നും ഏത് വർക്ക് ഷോപ്പിലാണ് പണിതതെന്നും അവ നടത്തപ്പെടുന്ന മുറയ്ക്ക് രേഖപ്പെടുത്തി വയ്ക്കേണ്ടുന്ന ഒരു രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കേണ്ടതും ആയത് വാഹനങ്ങളുടെ കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തി ബിൽ 'ക്ലെയിം' ചെയ്യപ്പെടുമ്പോൾ ഫയലിനോടൊപ്പം ഹാജരാക്കേണ്ടിയിരിക്കേണ്ടതാണ്.

ചുറ്ററിയിപ്പ് കൈപ്പറ്റിയ വിവരം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്

ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ